**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3738** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഖൻസ വനിതാ കോളേജിന് മുന്നിൽ ബസ് സ്റ്റോപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് കുമ്പള-ബദിയടുക്ക കെ.എസ്.ടി.പി. റോഡിൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അംഗീകൃത കലാലയമായ ഖൻസ വനിതാ കോളേജിന് മുന്നിൽ പി,ഡബ്ല്യൂ.ഡി. നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 09/04/2022 തീയതിയിൽ നടന്ന റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ യോഗം ഐറ്റം നമ്പർ 32 ആയി ടി വിഷയം പരിഗണിക്കുകയുണ്ടായി. കോളേജിനടുത്തായി മുന്നൂറ് മീറ്റർ ദൂരത്തിനുള്ളിൽ രണ്ട് ബസ് സ്റ്റോപ്പുകൾ ഉള്ളതിനാൽ വീണ്ടുമൊരു ബസ് സ്റ്റോപ്പ് അനുവദിക്കുന്നത് സുഗമമായ വാഹന ഗതാഗതത്തിന് തടസമായി തീരുമെന്നതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി. |
| (ബി) | പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ നിയമത്തിൽ ഇളവ് ചെയ്ത് പ്രസ്തുത വനിതാ കോളേജിന് മുന്നിൽ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ